**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **12-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2020-21 സാമ്പത്തിക വർഷം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിന്നും ചോയിമഠം കോളനിയും വാളാഞ്ഞികുളങ്ങരത്ത് കോളനിയും 2022-23 സാമ്പത്തിക വർഷത്തിൽ കുളിക്കുന്ന് കോളനിയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോയിമഠം കോളനി നവീകരണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. കുളിക്കുന്ന്, വാളാഞ്ഞികുളങ്ങരത്ത് കോളനികളുടെ എസ്റ്റിമേറ്റിന് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത മണ്ഡലത്തിലെ തുരുത്തി എസ്.സി കോളനി ട്രാൻസ്ഫോമർ - മാഹി കനാൽ റോഡ് നിർമ്മാണ പ്രവർത്തി എസ്.സി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ ചോയി മഠം, കുളിക്കുന്ന് പട്ടികജാതി കോളനികൾ, ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാളാഞ്ഞി കുളങ്ങരത്ത് കോളനി എന്നിവയുടെ വികസനത്തിനായി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ